

# രക്ഷകനെ കാത്തിരുന്ന ജനം

5

## സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

പാഠം 7

# മരുഭൂമിയിലൂടെ



ഇസ്രായേൽ ജനം കടൽ കടന്നു പ്രതീക്ഷയോടെ യാത്ര തുടർന്നു.

യാത്രയിൽ കർത്താവു പകൽ മേഘസ്തംഭമായും, രാത്രി അഗ്നിസ്തംഭമായും അവരോടു കൂടെ ഉായിരുന്നു.



# മാറായിലെ ജലം

ഷൂര്‍ മരുഭൂമിയിലൂടെ 3 ദിവസം യാത്ര ചെയ്തിട്ടും അവര്‍ ഒരിടത്തും വെള്ളം കില്ല. ഒടുവില്‍ മാറായില്‍ വെള്ളം കണ്ടെത്തിയെങ്കിലും അതു കൈപ്പുള്ളതായിരുന്നു. അപ്പോള്‍ ജനം മോശക്കെതിരെ പിറുപിറുത്തു. ദൈവം കാണിച്ചു കൊടുത്ത തടിക്കഷണം വെള്ളത്തിലിട്ടപ്പോള്‍ **വെള്ളം മധുരിച്ചു.**



# മന്നായും കാടപക്ഷിയും

- വിശന്നു വലഞ്ഞ ജനം മോശക്കും അഹറോനും എതിരെ പിറുപിറുക്കാൻ തുടങ്ങി.
- ഇസ്രായേലിന്റെ കഷ്ടപ്പാടുകൾ ക ദൈവം മന്നായും, കാട പക്ഷിയും ഭക്ഷണമായി നല്കി.




# സീനായ് ഉടമ്പടി

കർത്താവ് സീനായ് മലയിൽ നിന്നു മോശയെ വിളിച്ച് ഇപ്രകാരം പറഞ്ഞു: 'നീ പോയി ഇസ്രായേൽ ജനത്തോട് പറയുക; നിങ്ങൾ എന്റെ വാക്ക് കേൾക്കുകയും എന്റെ ഉടമ്പടി പാലിക്കുകയും ചെയ്താൽ നിങ്ങൾ എല്ലാ ജനങ്ങളിലും വച്ച് എനിക്ക് ഏറ്റവും പ്രിയപ്പെട്ട എന്റെ സ്വന്തം ജനമായിരിക്കും.

ജനം കർത്താവ് കല്പിച്ചതനുസരിച്ചുകൊള്ളമെന്നു പറഞ്ഞു.

ദൈവം അവരുമായി ഉടമ്പടി ഉറപ്പിക്കുകയും ഉടമ്പടിയുടെ അടയാളമായി കൽപനകൾ നല്കുകയും ചെയ്തു.



# മരുഭൂമിയിലെ സർപ്പം

- ഇസ്രായേൽ ജനം ദൈവത്തിനും മോശയ്ക്കും ദൈവത്തിനുമെതിരായി സംസാരിച്ചു.
- കർത്താവ് അവരുടെ ഇടയിലേക്കു സർപ്പങ്ങളെ അയച്ചു. ഒട്ടേറെ ഇസ്രായേൽക്കാർ മരിച്ചു.
- തെറ്റുമനസ്സിലാക്കി അവർ മോശയെ സമീപിച്ചപ്പോൾ മോശ ജനത്തിനു വേി പ്രാർത്ഥിച്ചു.
- ദൈവത്തിന്റെ നിർദ്ദേശപ്രകാരം മോശ ഉാക്കിയ പിച്ചള സർപ്പത്തെ നോക്കിയവരെല്ലാം ജീവിച്ചു. (സംഖ്യ 21: 7-9).

# സാമാഗമ കൂടാരം

- മരുഭൂമിയിലെ യാത്രയ്ക്കിടയിൽ പാളയത്തിനു പുറത്ത് അകലെയായി മോശ കൂടാരമടിക്കുക പതിവായിരുന്നു.
- സമാഗമകൂടാരം എന്നാണു മോശ അതിനെ വിളിച്ചത്.
- മോശ കൂടാരത്തിൽ പ്രവേശിക്കുമ്പോൾ മേഘസ്തംഭം ഇറങ്ങി വന്നു കൂടാവാതിൽക്കൽ നിൽക്കും.

# കർത്താവ് ജനത്തോടുകൂടെ

- മോശ സ്ഥാപിച്ച സാക്ഷ്യകൂടാരത്തിനു മുകളിൽ ഒരു മേഘം പ്രത്യക്ഷപ്പെട്ടു.
- കർത്താവിന്റെ സാന്നിദ്ധ്യമായി അവർ മേഘത്തെ കണക്കാക്കി.
- മേഘം കൂടാരത്തിൽ നിന്ന് ഉയരുമ്പോൾ അവർ യാത്ര പുറപ്പെടും.
- മേഘം നിൽക്കുന്നിടത്ത് അവരും നിൽക്കുകയും അവിടെ പാളയമടിക്കുകയും ചെയ്യും. കർത്താവിന്റെ കൽപനയനുസരിച്ചാണ് അവർ ഇപ്രകാരം ചെയ്തത്.

# ദൈവം വഴി നടത്തുന്നവർ

- പൂർവ്വപിതാക്കൻമാരായ അബ്രാഹവും, ഇസഹാക്കും, യാക്കോബും.
- ഇസ്രായേലിന്റെ നേതാവായ മോശ.
- ഒരു സമൂഹമെന്ന നിലയിൽ ഇസ്രായേൽ ജനം.

# തീർത്ഥാടകയായ സഭ

- മോശ ഇസ്രായേൽക്കാരെ നയിച്ചതുപോലെ സഭയും വിശ്വാസികളെ നയിക്കുന്നു.
- സഭയുടെ ലക്ഷ്യം തീർത്ഥാടകരായ വിശ്വാസികളെ സ്വർഗ്ഗരാജ്യത്തിൽ എത്തിക്കുക എന്നതാണ്.
- കൂടാരത്തിൻമുകളിൽ മേഘമായി ഇസ്രായേൽക്കാരോടൊപ്പം ഉായിരുന്ന ദൈവം, ഇന്നു നമ്മുടെ ജീവിത സാഹചര്യങ്ങളിലും സജീവമായി ഇടപെടുന്നു; നമ്മെ കാണുന്നു; നമ്മുടെ പ്രവർത്തികൾ അറിയുന്നു; നമ്മെ നയിക്കുകയും, നിയന്ത്രിക്കുകയും ചെയ്യുന്നു.



# നമുക്കു പ്രാർത്ഥിക്കാം

മരുഭൂമിയിലൂടെ ഇസ്രായേൽജനത്തെ
വഴിനടത്തിയ ദൈവമേ സ്വർഗീയഭവനം
ലക്ഷ്യമാക്കിയുള്ള ഞങ്ങളുടെ ഈ യാത്രയിൽ
ഞങ്ങളെ സംരക്ഷിച്ചു നയിക്കേണമെ.



# നമുക്കു പാടാം

ആകാശം മന്നാപൊഴിച്ചു-മന്നിൽ
ആശകൾ പുഷ്പങ്ങളായി
നാൽപതുവർഷവും പെയ്തു-മന്നാ,
നല്കുകയായ് പക്ഷിമാംസം.

പാറയിലാഞ്ഞടിച്ചപ്പോൾ-വെള്ളം
നീരൊഴുക്കായവർകു
പാലനമിങ്ങനെനീു-മരു-
ഭൂമിയിലെത്രയോ കാലം!

പിച്ചളസർപ്പത്തിനാലേ-സർപ്പ
ദക്തശനമെല്ലാമകറ്റി
കിക്ഷകളെല്ലാം മറന്നു-ദൈവം
ഇക്ഷണമേകുകയായി.

# ദൈവവചനം വായിക്കാം, വിവരിക്കാം

മോശ പിച്ചളകൊ് ഒരു സർപ്പത്തെ ഉാക്കി അതിനെ വടിയിൽ ഉയർത്തി നിർത്തി, ദംശനമേറ്റവർ പിച്ചള സർപ്പത്തെ നോക്കി, അവർ ജീവിച്ചു. ഈ ദൈവവചനഭാഗം സൂചിപ്പിക്കുന്ന സംഭവം വിവരിച്ചു പറയുക

# വഴികാട്ടാൻ ഒരു തിരുവചനം

'ഞാൻതന്നെ നിന്നോടുകൂടെ വരുകയും
നിനക്ക് ആശ്വാസം നൽകുകയും ചെയ്യും'.

പുറപ്പാട് 33:14

## എന്റെ തീരുമാനം

**ദൈവം കാണിച്ചുകൊടുത്ത വഴിയിലൂടെ**

**നീങ്ങിയ ഇസ്രായേൽജനത്തെപ്പോലെ ഞാനും അവിടുന്നു**

**കാണിച്ചു തരുന്ന വഴികളിലൂടെ നടക്കും**

# ബോധ്യങ്ങൾ

* ഇസ്രായേലിന്റെ വിഷമഘട്ടങ്ങളിൽ ദൈവം സഹായം നൽകി.

* സ്വർഗരാജ്യം ലക്ഷ്യമാക്കി യാത്രചെയ്യുന്ന തീർത്ഥാടകരാണു നമ്മൾ.



# മനോഭാവങ്ങൾ

* എപ്പോഴും നമ്മെ വഴിനടത്തുന്ന ദൈവത്തോടു നാം നന്ദിയുള്ളവരായിരിക്കണം.



* ദൈവത്തോടു ചേർന്നു നടന്നാൽ നമുക്ക് ഒന്നിനെയും ഭയപ്പെടേിവരില്ല.

## ശീലങ്ങൾ

* ദൈവം കാണിച്ചുതരുന്ന വഴികളിലൂടെ സഞ്ചരിക്കാൻ ഞാൻ ശ്രമിക്കും.




THANK
YOU